## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ 255** **15.02.2013- ൽ മറുപടിക്ക്**

## കാലാവസ്ഥാ നിരീക്ഷണ സെന്ററുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. മുരളീധരൻ<br>ശ്രീ. റ്റി.എൻ പ്രതാപൻ<br>ശ്രീ. പാലോട് രവി | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | ദുരന്ത നിവാരണ അതോറിറ്റിയുടെ സ്വയം നിയന്ത്രിത യന്ത്രവൽകൃത കാലാവസ്ഥാ നിരീക്ഷണ സെന്ററുകൾ ആരംഭിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിന്റെ കണക്കു പ്രകാരം തന്നെ ഏകദേശം 300- ഓളം കാലാവസ്ഥാ നിരീക്ഷണ ഉപകരണങ്ങൾ കേരളത്തിൽ ആവശ്യമാണ്. ദുരന്ത നിവാരണ അതോറിറ്റിയുടെ കീഴിലെ ദുരന്ത സാധ്യതാ അപഗ്രഥന സെൽ ദുരന്ത സാധ്യതാ നിരീക്ഷണവും അപഗ്രഥനവും നടത്തുവാൻ വേണ്ടി രൂപീകരിച്ചിട്ടുള്ള ഗവേഷണ സ്ഥാപനമാണ്. ദുരന്ത സാധ്യതാ നിരീക്ഷണം കാര്യക്ഷമമാക്കുവാൻ കേന്ദ്രീകൃതമായ രീതിയിൽ അനുനിമിഷം കാലാവസ്ഥ നിരീക്ഷിക്കുകയും അവയെ വിവിധങ്ങളായ മറ്റു നിരീക്ഷണ ഉപകരണങ്ങളിൽ നിന്നും വരുന്ന വിവരങ്ങളുടെ കൂടി വെളിച്ചത്തിൽ നിരന്തര അപഗ്രഥനത്തിന് വിധേയമാക്കേണ്ടതുണ്ട്. ഇത്തരത്തിലുള്ള ഒരു വെള്ളപ്പൊക്ക ദുരന്ത മുൻകാല പ്രവചന സംവിധാനം വികസിപ്പിക്കുവാനായി കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയുടെ സാമ്പത്തിക സഹായത്തോടെ കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പുമായി സഹകരിച്ചു കൊണ്ട് ദുരന്ത സാധ്യതാ അപഗ്രഥന സെൽ ഒരു തുടക്കമെന്ന നിലയിൽ 10 സ്വയം നിയന്ത്രിത കാലവസ്ഥ നിരീക്ഷ ഉപകരണങ്ങൾ മണിമല - മീനച്ചിൽ നദീതടത്തിൽ സ്ഥാപിക്കുവാനുള്ള പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| (സി) | ആദ്യഘട്ടത്തിൽ എവിടെയൊക്കെയാണ് ഇത് സ്ഥാപിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (സി) | മണിമല - മീനച്ചിൽ നദീതടത്തിലാണ് ഇവ സ്ഥാപിക്കാനുദ്ദേശിക്കുന്നത്. ഇപ്പോൾ തീരുമാനമായിട്ടുള്ള 10 ലൊക്കേഷനുകളിൽ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നവ ചുവടെ ചേർക്കുന്നു.<br>1. കുരിശുമല ആശ്രമം, വാഗമൺ<br>2. സി.എസ്.ഐ പള്ളി, മേലെടുക്കം<br>3. പീരുമേട് ട്രൈബൽ സ്കൂൾ<br>4. ഏലംമ്പള്ളി ഗവ. യു.പി.എസ്<br>5. കിയാത്തിരി ഗവ. എച്ച്.എസ് |
| (ഡി) | ഈ പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | ദേശീയ ദുരന്ത നിവാരണ അതോറിറ്റി ഈ പ്രോജക്ടിനു വേണ്ടി 40.9 ലക്ഷം രൂപ കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിനു നൽകിയിട്ടുണ്ട്. പതിമൂന്നാം ധനകാര്യ കമ്മീഷന്റെ സംസ്ഥാന ദുരന്ത ലഘൂകരണത്തിനുള്ള വകയിരുത്തലിൽ നിന്ന് 15.25 ലക്ഷം രൂപ 2011 - 12-ൽ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ